# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 08.08.2017 ൽ മറുപടിക്ക്
ചോദ്യം നമ്പർ : *33

## പുതിയ വ്യവസായ സ്ഥാപനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി. കെ. ബഷീർ<br>ശ്രീ. ടി. വി. ഇബ്രാഹീം<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. അബ്ദുൽ ഹമീദ്. പി. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ 1929.02 കോടി രൂപ മൂലധന നിക്ഷേപമുള്ള 75503 പേർക്ക് ജോലി പ്രദാനം ചെയ്യുന്ന 18786 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (കെ എസ് ഐ ഡി സി) വ്യവസായപാർക്കുകളിൽ 3458.54 ലക്ഷം രൂപയുടെ നിക്ഷേപത്തോടെ 15 വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ വിശദാംശം നൽകുമോ; | | |
| (സി) | സംസ്ഥാനം വ്യവസായ സൗഹൃദ മാക്കാൻ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ട് എന്ന് വെളിപ്പെടു ത്താമോ ? | (സി) | സംസ്ഥാനത്ത് പരിസ്ഥിതിക്ക് ഇണങ്ങുന്ന വ്യാവസായിക പുരോഗതി കൈവരുത്തുന്നതിനും അഭ്യസ്തവിദ്യരായ യുവതലമുറയുടെ പ്രതീക്ഷ കൾക്ക് അനുസരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ സാമ്പത്തിക വളർച്ചയുമാണ് സർക്കാർ ലക്ഷ്യം വെക്കുന്നത്. നിലവിലുള്ള വ്യവസായങ്ങളെ പരിപോഷിപ്പിച്ചും പൊതു-സ്വകാര്യ മേഖലകളിൽ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിച്ചും കേരളത്തെ സമ്പൂർണ്ണ നിക്ഷേപ സൗഹൃദസംസ്ഥാനമാക്കി മാറ്റിയെടുക്കാനുള്ള ഫലപ്രദവും ക്രിയാത്മകവുമായ നടപടികളുമായി സർക്കാർ മുന്നോട്ട് |

| | | | |
|---|---|---|---|
| | | | പോകുകയാണ്. അതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പദ്ധതി പ്രകാരം 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. അതുവഴി സംരംഭങ്ങൾക്ക് ആവശ്യമായ ക്ലിയറൻസ് നടപടിക്രമങ്ങൾ സുതാര്യവും സുഗമമായതും ആകാൻ കഴിയും.<br>പരിസ്ഥിതി സൗഹൃദവും പ്രകൃതി വിഭവങ്ങളുടെ സന്തുലിതവുമായ ഉപഭോഗത്തിലൂടെ പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഗ്രാമീണ മേഖലയിൽ സൂക്ഷ്മ – ചെറുകിട – ഇടത്തര സംരംഭങ്ങൾ ആരംഭിക്കുന്ന നടപടികൾ തുടങ്ങി.<br>വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, നൈപുണ്യ വികസന പദ്ധതി (Skill Development Programme) തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു.<br>വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഭൂമി ദൗർലഭ്യം കണക്കിലെടുത്ത് വ്യവസായവകുപ്പ് ബഹുനില വ്യവസായ സമുച്ചയങ്ങൾ (GALA) നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ആദ്യത്തെ GALA എറണാകുളം ജില്ലയിലെ എടയാറിൽ 6.5 കോടി രൂപ ചെലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതി, ജലം എന്നിവ സർക്കാർ ലഭ്യമാക്കും.<br>നിലവിലുള്ള ജില്ലാ വ്യവസായ എസ്റ്റേറ്റുകളിലെ വ്യവസായ സൗകര്യങ്ങൾ വികസിപ്പിക്കും. സംരംഭകത്വ സഹായ പദ്ധതിക്കായി 2017 – 18 ൽ 5600/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവഴി യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.<br>കൊച്ചിൻ റിഫൈനറിയുടെ വികസനപദ്ധതി |

| | | | |
|---|---|---|---|
| | | | യിലൂടെ ലഭ്യമാകുന്ന പ്രൊപ്പലിൻ ഡെറിവേറ്റിവ് ഉപയോഗിച്ച് പ്ലാസ്റ്റിക്, പെയിന്റ് , പശകൾ, മഷികൾ, തുണിത്തരങ്ങൾ മുതലായവ നിർമ്മിക്കുന്നതിന് ഉപകരിക്കുന്ന അക്രിലിക്ക് ആസിഡ് ഉൽപ്പാദിപ്പിക്കുന്ന പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. |

**സെക്ഷൻ ഓഫീസർ**